ഉത്തരം

(എ) ഉണ്ട്

(ബി) ഗ്രേഡ് കിട്ടുന്നതിന് അടിസ്ഥാനമായി സ്വീകരിച്ച സി.എൽ.ആർ. സർവ്വീസുകൂടി പരിഗണിച്ച് പെൻഷൻ നൽകുന്നതിന് നിലവിൽ വ്യവസ്ഥകളില്ല.

മണൽ ശേഖരിക്കുന്ന പദ്ധതി

49 (2147) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എം. ഹംസ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത മണൽക്ഷാമം പരിഹരിക്കുന്നതിനും അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമായി അണക്കെട്ടുകളിൽ നിന്നും മണൽ ശേഖരിച്ച് വിൽക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം ഡാമുകളിൽ നിന്നും എന്ത് തുകയ്ക്കുള്ള മണൽ ശേഖരിച്ച് വിലിപന നടത്തി എന്ന് വ്യക്തമാക്കുമോ ;

(സി) മണൽ ശേഖരിക്കുന്ന പദ്ധതി കൂടുതൽ ഡാമുകളിലേക്ക് വ്യാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ കെംഡെല്ലിന്റെ നേതൃത്വത്തിൽ 1-2-2010 ലാണ് പാലക്കാട് ജില്ലയിലുള്ള മലമ്പുഴ, ചുള്ളിയാർ വാളയാർ എന്നീ ഡാമുകളിൽ നിന്നും യന്ത്രവത്കൃത സഹായത്തോടെ മണൽ ഖനനം ആരംഭിച്ചത്. സംഭരിച്ച മണലിന്റെ സാമ്പിളുകൾ അകത്തേത്തറയിലുള്ള എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതുമാകുന്നു. നാളിതുവരെയായി പ്രസ്തുത ഡാമുകളിൽ നിന്നും 3,00,000 ഘന മീറ്റർ മണൽ സംഭരിക്കുകയും ഇതിൽ നിന്ന് 1,20,000 ഘന മീറ്റർ വിതരണം നടത്തിയിട്ടുള്ളതുമാകുന്നു. അരുവിക്കര ഡാമിൽ നിന്നും തൊഴിലുറപ്പ് പദ്ധതി പ്രകാരം 267.27 ഘനമീറ്റർ മണൽ ശേഖരിച്ചിട്ടുണ്ട്. കാലവർഷ കൊടുതിയും തുടർന്ന് റോഡുകളുടെ മരാമത്തു പണികളും കാരണം മലമ്പുഴ, ചുള്ളിയാർ എന്നീ ഡാമുകളിലെ ഖനനവും വിതരണവും തടസ്സപ്പെട്ടിരിക്കുകയാണ്. റോഡുകളുടെ അറ്റകുറ്റപ്പണി തീരുന്നതനുസരിച്ച് മണൽ ഖനനവും മണൽ വിതരണവും പുനരാരംഭിക്കുന്നതാണ്. സർക്കാർ നിശ്ചയിക്കുന്ന വിലയിൽ ട്രഷറിയിൽ പണമടച്ചാണ് മണൽ വിതരണം നടത്തി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെംഡെല്ലിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലുള്ള മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും ഏകദേശം 30 കോടി രൂപ യുടെ മണൽ സംഭരിച്ചിട്ടുണ്ട്. ഇതിൽ 12,35,00,000 രൂപ യുടെ മണൽ വിതരണം നടത്തിയിട്ടുണ്ട്. അരുവിക്കര ഡാമിൽ നിന്നും ശേഖരിച്ച മണൽ വിറ്റ വകയിൽ 2,83,735.18 രൂപ (നികുതിയുൾപ്പെടെ) ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കാട്ടാമ്പള്ളിയിലെ തടയണ നിർമ്മാണം

50 (2148) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മുനിസിപ്പാലിറ്റിയിലേക്ക് ജലം കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ചപ്പാരപ്പടവിലെ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം കണക്കിലെടുത്ത് കാട്ടാമ്പള്ളിയിൽ ഓട്ടോറിക്ഷ പാതയോടുകൂടി തടയണ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഇത് സംബന്ധിച്ചുണ്ടായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മന്ത്രിതലയോഗം ചേർന്നിരുന്നോ ;

(ഡി) എങ്കിൽ ആയതിലുണ്ടായ തീരുമാനം നടപ്പിലാക്കുന്നതിനാരെ യാണ് ചുമതലപ്പെടുത്തിയിരുന്നത് ;

(ഇ) ചുമതലപ്പെടുത്തിയവർ ഉത്തരവാദിത്വം നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാട്ടാമ്പള്ളിയിൽ നടപ്പാതയോടു കൂടിയ തടയണ നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നു.

(ബി) സോയിൽ ഇൻവെസ്റ്റിഗേഷനും ലാൻഡ് അക്വസിഷനുമായി 27 ലക്ഷം രൂപയുടെ ഭരണാനുമതി 3-11-2010-ലെ ജി.ഒ. (ആർ.ടി) നമ്പർ 1266/2010/WRD പ്രകാരം നൽകിയിട്ടുണ്ട്.

(സി) ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നിരുന്നു.

(ഡി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയറെ (ഇറിഗേഷൻ) ചുമതലപ്പെടുത്തിയിരുന്നു.

(ഇ) ഇതിന്റെ വിശദമായ പര്യവേക്ഷണ ജോലികൾ നടന്നുവരുന്നു. ഇത് പൂർത്തിയായാലുടൻ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly